**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹോസ്പിറ്റൽ കിയോസ്കിൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികൾക്ക് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച വരുന്നവരെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ- നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1878/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.06.2017

---

പരാമർശം : 1. കോഴിക്കോട് മുനിസിപ്പൽകോർപ്പറേഷൻ ഹോസ്പിറ്റൽ കിയോസ്കുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ സമർപ്പിച്ച അപേക്ഷ.

2. നഗരകാര്യ ഡയറക്ടറുടെ 04.03.2016 ലെ ഇ 6- 158/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഹെൽത്ത് വിഭാഗത്തിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾക്കായി ഹോസ്പിറ്റൽ കിയോസ്കിൽ കോർപ്പറേഷന്/മുനിസിപ്പാലിറ്റികൾക്ക് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ കഴിഞ്ഞ 10 വർഷക്കാലമായി സേവനമനുഷ്ഠിച്ച വരുന്നവരെ സ്ഥിരപ്പെടുത്തുണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം 2 പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ കത്തിൽ, ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തിയ ഹോസ്പിറ്റൽ കിയോസ്കുകളിൽ സേവനമനുഷ്ഠിച്ച വരുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് കോർപ്പറേഷന് കനത്ത സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതാണെന്നും കൂടാതെ ഈ വിധത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ, സാക്ഷരതാ പ്രേരക് മാർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നും ഇത്തരം പരാതികൾ ലഭിക്കാനിടയുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നവിഷയത്തിൽ സുപ്രീം കോടതി വിധി നിലനിൽക്കുന്നതിനാൽ കേരളത്തിലെ മുനിസിപ്പാലിറ്റികളിലുമായി ഹെൽത്ത് വിഭാഗത്തിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾക്കായി ഹോസ്പിറ്റൽ കിയോസ്കിൽ കോർപ്പറേഷന്/മുനിസിപ്പാലിറ്റികൾക്ക് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന

ആവശ്യം പരിഗണിക്കാൻ കഴിയില്ല. അയതിനാൽ പരാമർശം 1 പ്രകാരമുള്ള അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ